**പതിമൂന്നാം കേരളനിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം: 254**

**10.06.2013 -ൽ മറുപടിയ്ക്ക്**

## സോഷ്യൽ നെറ്റ്‌വർക്കുകളിലെ അപകീർത്തികരമായ പരാമർശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിൽ തനിക്ക് അപകീർത്തികരമായ പരാമർശങ്ങളും ചിത്രങ്ങളും പ്രചരിക്കുന്നത് സംബന്ധിച്ച് ശ്രീമതി കെ.കെ. ലതിക എം.എൽ.എ. നൽകിയ പരാതികളിൽ ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) & (ബി) യു ട്യൂബ് എന്ന ഇന്റർനെറ്റ് മാധ്യമത്തിലൂടെ തന്നെ അപകീർത്തി-പ്പെടുത്തുന്ന രീതിയിൽ ഉള്ള പരാമർശങ്ങളും ചിത്രങ്ങളും പ്രചരിപ്പി-ക്കപ്പെടുന്നു എന്നും അവ ആ വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്യണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി കെ.കെ. ലതിക ഇ-മെയിൽ വഴി ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ പരാതി നൽകുകയുണ്ടായി. തുടർന്ന് പോലീസ് അഡീഷണൽ ഡയറക്ടർ ജനറലി (ക്രൈംസ്) ന്റെ നിർദ്ദേശം അനുസരിച്ച് അവ നീക്കം ചെയ്യുന്നതിലേക്കായി ഹൈടെക് ക്രൈം എൻക്വയറി സെൽ പ്രസ്തുത വെബ് സൈറ്റിന്റെ ഉടമസ്ഥരായ ഗൂഗിളുമായി ബന്ധപ്പെടുകയും എന്നാൽ പരാതിയിൽ പറയുന്ന പരാമർശങ്ങളും ചിത്രങ്ങളും ഉൾപ്പെട്ട ലിങ്ക് പോസ്റ്റ് ചെയ്തിരിക്കുന്നത് |

സൗദി അറേബ്യയിൽ നിന്നും അമേരിക്കയിൽ നിന്നും ആണെന്നും ഇന്ത്യക്ക് പുറത്തുള്ള വിവരങ്ങൾ നൽകുവാൻ നിർവ്വാഹമില്ലെന്നും അറിയിക്കുകയുണ്ടായി. ഇക്കാര്യങ്ങൾ പരാതിക്കാരിയായ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി കെ.കെ. ലതികയെ ഇ-മെയിൽ വഴി അറിയിക്കുകയും ചെയ്തിട്ടുണ്ട്.

അപകീർത്തികരമായ ചിത്രങ്ങൾ സൈറ്റുകളിൽ നിന്നും നീക്കം ചെയ്യുന്നതിനായി അതാത് വെബ് സൈറ്റിന്റെ ഉടമസ്ഥരെ അറിയിക്കുകയും അവർ നൽകുന്ന വിവരങ്ങൾ വച്ച് പ്രസ്തുത ചിത്രങ്ങൾ പോസ്റ്റ് ചെയ്തവരെ കണ്ടെത്തുകയും ചെയ്താൽ അവർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ചിത്രങ്ങൾ സൈറ്റുകളിൽ നിന്ന് നീക്കം ചെയ്യുന്നതിനും അവ ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ